# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3291 **13.03.2017** -ൽ മറുപടിക്ക്

**തെയ്യം മ്യൂസിയം**

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ് | മറുപടി<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(ബഹു തുറമുഖവും,മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
|---|---|
| കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്നപ്പുരയിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പ്രസ്തുത സ്ഥലം മ്യൂസിയം മൃഗശാല ഡയറക്ടർക്ക് കൈമാറി കിട്ടിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പെടുന്ന കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പുതുതായി ഒരു തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് 27.07.2016 തീയതിയിലെ 131/16 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ പ്രൊപ്പോസലിന്മേൽ ബഹു തുറമുഖ, പുരാവസ്തു പുരാരേഖ, മ്യൂസിയം വകുപ്പ് മന്ത്രിയുമായി മ്യൂസിയം മൃഗശാലാ ഡയറക്ടർ ആവശ്യമായ ചർച്ചകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 07.08.2016 തീയതിയിൽ നിർദ്ദിഷ്ട സ്ഥലം ബഹു.എം.എൽ.എ. യോടൊപ്പം നേരിൽ സന്ദർശിക്കുകയും ജനപ്രതിനിധികളുമായി ആവശ്യമായ ചർച്ചകൾ നടത്തുകയും ചെയ്തു. കടന്നപ്പള്ളി വില്ലേജിലെ രേഖകൾ പ്രകാരം പ്രസ്തുത 1.25 ഏക്കർ സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ളതാണ്. ടി സ്ഥലം തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിനായി മ്യൂസിയം മൃഗശാല വകുപ്പിന് കൈമാറുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും നിർദ്ദിഷ്ട സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതിനായി "ലാന്റ് ട്രാൻസ്ഫർ ചെയ്തു ലഭ്യമാക്കുന്നതിനാവശ്യമായ അപേക്ഷ" 07.10.2016 ൽ ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. സ്ഥലം കൈമാറ്റം ചെയ്തു ലഭിക്കുന്നതിനായി കണ്ണൂർ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ത്വരിത ഗതിയിൽ നടപടികൾ സ്വീകരിക്കുന്നതിനായി സൂപ്രണ്ട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം, കോഴിക്കോടിനെ മ്യൂസിയം മൃഗശാലാ ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**